സൗജന്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള വാട്ടർ അതോറിറ്റിയിലെ സേവന-വേതന വ്യവസ്ഥകൾ

1420. [2148] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ തുല്യ ജോലിക്ക് തുല്യ സേവന–വേതന വ്യവസ്ഥകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിക്കാവുന്നതാണ്.

രജിസ്റ്റർചെയ്ത യൂത്ത് ക്ലബ്ബുകൾ

1421. [2149] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു രജിസ്റ്റർചെയ്ത യൂത്ത് ക്ലബ്ബുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) യൂത്ത് ക്ലബ്ബുകൾക്ക് നൽകിയ സഹായധനം എത്ര ;

(സി) യൂത്ത്ക്ലബ്ബുകളുടെ പ്രവർത്തനത്തെക്കുറിച്ച് ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) യൂത്ത്ക്ലബ്ബുകളുടെ രൂപീകരണംകൊണ്ടുള്ള ഉദ്ദേശങ്ങൾ എത്രമാത്രം നടപ്പിലായി എന്ന് ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ രജിസ്റ്റർ ചെയ്ത യൂത്ത്ക്ലബ്ബുകളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

കാസറഗോഡ്	—	26
കണ്ണൂർ	—	42
വയനാട്	—	15
കോഴിക്കോട്	—	60

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം — 55
പാലക്കാട് — 75
തൃശ്ശൂർ — 50
ഇടുക്കി — 18
എറണാകുളം — 85
കോട്ടയം — 57
പത്തനംതിട്ട — 50
ആലപ്പുഴ — 49
കൊല്ലം — 61
തിരുവനന്തപുരം — 76

(ബി) 10-11-1986 വരെ 78,200 രൂപ.
(സി) ഉണ്ട്.
(ഡി) ഉണ്ട്.

പ്രീഡിഗ്രി സെപ്റ്റംബർ പരീക്ഷ

1422. [2150] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല ഇപ്രാവശ്യം നടത്തിയ പ്രീഡിഗ്രി പരീക്ഷാഫലം പൂർണ്ണമായും ഇതിനകം പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ ഈ സാഹചര്യത്തിൽ സെപ്റ്റംബർ എക്സാമിനേഷൻ എന്നത്തേക്ക് നടത്താൻ കഴിയും ?

ഉത്തരം

(എ) ഇല്ല.

(ബി) 1986 ഡിസംബറിൽ നടത്തുവാനാണ് സർവ്വകലാശാല ഉദ്ദേശിക്കുന്നത്.

1986-ലെ പ്രീഡിഗ്രി പരീക്ഷ എഴുതിയവർ

1423. [2151] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല 1986-ൽ നടത്തിയ പ്രീഡിഗ്രി പരീക്ഷയ്ക്ക് ആകെ എത്ര പേർ പരീക്ഷ എഴുതി ;

(ബി) ഇതിൽ എത്ര പേർ വിജയിച്ചു ;

(സി) വിജയിച്ചതിൽ പ്രൈവറ്റ് വിദ്യാർത്ഥികൾ എത്ര ; അല്ലാത്തവരെത്ര ?

ഉത്തരം

(എ) 89,971 (എൺപത്തൊൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയൊന്ന്)

LIBRARY ARCHIVES Kerala Legislative Assembly